**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3632** 20/10/2016 -ൽ മറുപടിയ്ക്ക്

**<u>കൃഷി പ്രധാന വിഷയമായി കൈകാര്യം ചെയ്യുന്ന സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ: | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാലയങ്ങളിലെ വിവിധ സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് (എസ്.എസ്.എൽ.സി.) പരീക്ഷയിൽ ഗ്രേസ് മാർക്കനുവദിക്കുന്ന സാഹചര്യത്തിൽ കൃഷി പ്രധാന വിഷയമായി കൈകാര്യം ചെയ്യുന്ന സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പരീക്ഷയിൽ (എസ്.എസ്.എൽ.സി.) ഗ്രേസ് മാർക്ക് നൽകുന്ന കാര്യം ആലോചിക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) കൃഷി പ്രോത്സാഹിപ്പിക്കാൻ ഏതെല്ലാം പദ്ധതികളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്;<br><br>(സി) ശാസ്ത്രീയവും ലാഭകരവുമായ കൃഷി വിദ്യാലയങ്ങളിൽ പാഠ്യവിഷയമായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (ബി) യും (സി) യും കാർഷിക രംഗത്ത് വിദ്യാർത്ഥികൾക്കുള്ള അറിവും അഭിരുചിയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാന തല ഉത്ഘാടനം 2016 ആഗസ്റ്റ് 17 ന് തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരത്ത് നടന്നു. ഈ പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ ഒട്ടാകെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നു വരുന്നു. ജൈവ പച്ചക്കറികളുടെ ഉല്പാദനവും, ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാവുന്നതാണ്. കൃഷി വകുപ്പുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഇപ്പോൾ തന്നെ പച്ചക്കറി കൃഷി നടപ്പാക്കി വരുന്നുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ